**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനം-കൺട്രോൾ റൂം ഉദ്യോഗസ്ഥരുടെ സേവനം -ഉദ്യോഗസ്ഥർക്ക് വിശിഷ്ടസേവാ പുരസ്കാരം (Good Service Entry) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ)നം.2732/ 2018/ തസ്വഭവ തിരുവനന്തപുരം,തീയതി,25/10/2018

---

പരാമർശം:- 1) സ.ഉ.(സാധാ). നം. 2293/ 2018/ തസ്വഭവ തീയതി, 20/08/2018
2) സ.ഉ.(സാധാ).നം. 2302/ 2018/ തസ്വഭവ തീയതി, 21/08/2018

**<u>ഉത്തരവ്</u>**

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ അഭൂതപൂർവമായ പേമാരിയും, മഹാപ്രളയവും വിവരണാതീതമായ കെടുതികൾ ജനതയ്ക്ക് സമ്മാനിച്ചാണ് കടന്നുപോയത് .കേരളത്തെ പിടിച്ചുലച്ച മഹാ പ്രളയത്തിൽനിന്നും അതിവേഗം അതിജീവനം ഉറപ്പാക്കുന്നതിനായി സർക്കാരും ,പൊതു സമൂഹവും ജാതി , മത, വർഗ്ഗ, രാഷ്ട്രീയ വ്യത്യാസമില്ലാതെ ഒരുമയോടെ പ്രവർത്തിച്ചതിന്റെ വലിയ പാഠം കൂടി സമൂഹത്തിന് നൽകിക്കൊണ്ടാണ് ഈ ദുരന്തത്തെ നാം അതിജീവിച്ചത് .

2) പ്രളയം സമ്മാനിച്ച കടുത്ത ആഘാതത്തിനിടയിലും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രളയ കാലത്ത് ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിൽ ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൺട്രോൾ റൂം രൂപീകരിക്കുകയുണ്ടായി. പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രൂപീകരിക്കപ്പെട്ട കൺട്രോൾ റൂമിലെ ഉദ്യോഗസ്ഥർ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും അവധി ദിനങ്ങൾ ഉൾപ്പെടെ 18-20 മണിക്കൂറുകൾ വരെ പ്രവർത്തിക്കുകയും ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനവും പുരോഗതി വിലയിരുത്തലും ,ദൈനംദിന റിപ്പോർട്ടുകളുടെ തയ്യാറാക്കൽ, കേന്ദ്രസംഘത്തിന് സമർപ്പിക്കുന്നതിന് റിപ്പോർട്ടുകൾ തയ്യാറാക്കൽ, നഷ്ടങ്ങളുടെ കണക്കെടുപ്പ് എന്നിങ്ങനെ സമയബന്ധിതമായി ചെയ്യേണ്ട ജോലികൾ കാര്യക്ഷമമായി നിർവ്വഹിയ്ക്കുകയുമുണ്ടായി. സർക്കാർ ഈ പ്രവർത്തനങ്ങളെ മാതൃകാപരമായും, അനുകരണീയവുമായി വിലയിരുത്തുന്നു.

3) സംസ്ഥാനം രൂക്ഷമായ പ്രളയക്കെടുതിയെ അഭിമുഖീകരിച്ച ഘട്ടത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സ്തുത്യർഹവും മാതൃകാപരവുമായ സേവനം കാഴ്ചവച്ച താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് കേരള സർവ്വീസ്

റൂൾസ് ഭാഗം1, റൂൾ 34 (2) പ്രകാരം വിശിഷ്ട സേവാ പുരസ്കാരം (Good Service Entry) നല്കി ഉത്തരവാകുന്നു.

1 ശ്രീ. എസ്.മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
2 ശ്രീ.വി.എസ്.സന്തോഷ്, അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
3. ശ്രീ. ബാലുമഹേന്ദ്ര.ബി, സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്
4. ശ്രീ.ബിനോയ് മാത്യു, സെക്ഷൻ ഓഫീസർ,തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്.
5. ശ്രീ.അനേഷ് കുമാർ.എസ്.എ,അസിസ്റ്റന്റ്സെക്ഷൻഓഫീസർ,തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്.
6. ശ്രീ.ജോൺസൺ മാത്യു, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്.

4) പ്രസ്തുത ഉദ്യോഗസ്ഥർ ഭാവിയിലും തങ്ങളിൽ അർപ്പിതമായ കടമകളും കർത്തവ്യങ്ങളും ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും സമർപ്പണ മനോഭാവത്തോടെയും നിർവ്വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
5) മേൽ ഉദ്യോഗസ്ഥരുടെ സേവന പുസ്തകങ്ങളിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടി.കെ.ജോസ് ഐ.എ.എസ്.**
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

To
ശ്രീ. എസ്.മോഹൻദാസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ശ്രീ.വി.എസ്.സന്തോഷ്, അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ശ്രീ. ബാലുമഹേന്ദ്ര.ബി, സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്.
ശ്രീ.ബിനോയ് മാത്യു, സെക്ഷൻ ഓഫീസർ,തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്.
ശ്രീ.അനേഷ് കുമാർ.എസ്.എ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ,തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്.
ശ്രീ.ജോൺസൺ മാത്യു, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്.
പൊതുഭരണ (സർവീസസ് .എ/ ഇ)വകുപ്പ്.
പൊതുഭരണ (അക്കൗണ്ട്സ് . ജി/ എച്ച് .)വകുപ്പ്.
പൊതുഭരണ (സ്പെഷ്യൽ-ബി)വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരളം ,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം ,തിരുവനന്തപുരം.
വെബ് &ന്യൂ മീഡിയ(I&PRD)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.തിരുവനന്തപുരം. ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ